LIBRARY ARCHIVES Kerala Legislative Assembly

മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയാണുണ്ടായത്. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ച പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം ഇറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. ഈ ടെണ്ടർ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് നാൽപ്പത് കൊല്ലത്തേക്ക് (നാല് കൊല്ലം കൺസ്ട്രക്ഷൻ ഉൾപ്പെടെ) ഇറമുഖം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമുള്ള ലൈസൻസ് അനുവദിക്കാനാണ് വ്യവസ്ഥ പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി. ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ, 1635 കോടി രൂപ വി.ജി.എഫ്. ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നൽകേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി. ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനുപുറമെ സ്ഥലമേറ്റെടുപ്പ്, പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവ് ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(ഡി) പദ്ധതിക്ക് വിഴിഞ്ഞം പ്രദേശത്ത് 229.10 ഏക്കർ ഭൂമി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകംതന്നെ ഏറ്റെടുത്ത് കഴിഞ്ഞു. നാളിതുവരെ ഏറ്റെടുത്ത സ്ഥലത്തുനിന്നും (വെയർഹൗസ് ഉൾപ്പെടെ) 67 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. അവർക്ക് വീട് വയ്ക്കുന്നതിന് സൗജന്യമായി അഞ്ച് സെന്റ് സ്ഥലം അതാത് വില്ലേജുകളിൽ നിന്നുതന്നെ നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആറ് മാസത്തെ വാടകയും ആറുമാസത്തേയ്ക്ക് ജീവിതചെലവ് (ഹാർഡ്ഷിപ്പ്) അലവൻസും വിതരണം ചെയ്തിട്ടുണ്ട്. ഈ തരത്തിൽ 25,75,500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) മിനിറ്റ്സിന്റെ സോഫ്റ്റ് കോപ്പി ഇതോടൊപ്പം ചേർക്കുന്നു.

വിഴിഞ്ഞം പദ്ധതി

118 (122) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി, ഇതിനകം വിളിക്കപ്പെട്ട ടെണ്ടറുകൾ എത്ര ; ഏതെല്ലാം തീയതികളിൽ എത്ര തവണ ടെണ്ടർ വിളിച്ചിട്ടുണ്ട് ;

(ബി) ഓരോ ടെണ്ടറിന്റേയും മോഡൽ എന്തായിരുന്നുവെന്നും ഓരോ ടെണ്ടറിലും എത്ര കമ്പനികൾ വീതം പങ്കെടുത്തിട്ടുണ്ടായിരുന്നുവെന്നും ഓരോ ഘട്ടത്തിലും ബിഡ്ഡിലൂടെ തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ ഏതൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ അതത് ഘട്ടത്തിൽ മുന്നോട്ട് വച്ചിരുന്ന പ്രമുഖ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; ഒടുവിൽ ഏതെല്ലാം കാരണങ്ങളാലായിരുന്നു തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികളുമായി എഗ്രിമെന്റ് വയ്ക്കാതിരിക്കുകയോ ഓഫർ റദ്ദ് ചെയ്യുകയോ ചെയ്യാതിരുന്നത് ;

(ഡി) ലാന്റ് ലോർഡ് മോഡലിന്റെ പ്രത്യേകത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി നാല് ടെണ്ടറുകൾ വിളിച്ചു. ഇതിൽ ആദ്യത്തേത് 2005 ജൂൺ മാസം 19-ാം തീയതിയും രണ്ടാമത്തെ ടെണ്ടർ 2007 ഓഗസ്റ്റ് മാസം 8-ാം തീയതിയും മൂന്നാമത്തേത് 2010 നവംബർ മാസം 25-ാം തീയതിയും നാലാമത്തെ ടെണ്ടർ 2013 ഡിസംബർ മാസം 4-ാം തീയതിയുമാണ് വിളിച്ചിട്ടുള്ളത്.

(ബി) ആദ്യത്തേയും രണ്ടാമത്തേയും ടെണ്ടറുകൾ പി.പി.പി. മോഡൽ അനുസരിച്ചിട്ടാണ് വിളിച്ചത്. മൂന്നാമത്തെ ടെണ്ടർ പി.പി.പി. ഘടകങ്ങളുൾപ്പെട്ട ലാന്റ് ലോർഡ് മാതൃക അടിസ്ഥാനമാക്കിയാണ് വിളിച്ചത്. ഈ മാതൃകയനുസരിച്ച് വി.ജി.എഫ്. വിഭാവനം ചെയ്തിട്ടില്ല. അവസാനത്തെ ടെണ്ടർ കേന്ദ്ര ഗവൺമെന്റിന്റെ വി.ജി.എഫ്. ലഭ്യമാകുന്നതരത്തിൽ പി.പി.പി. ഘടകങ്ങൾ വിപുലീകരിച്ച് ലാന്റ് ലോർഡ് മാതൃകയിൽ നിലനിർത്തിക്കൊണ്ടാണ് വിളിച്ചിട്ടുള്ളത്. ആദ്യത്തെ ടെണ്ടറിൽ (2005) രണ്ട് പേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ച് പേർ പങ്കെടുത്തു. ഇതിൽ മൂന്ന് പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിയെ തെരഞ്ഞെടുത്തുവെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ട് പേർ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിച്ചു ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയുടെ (വെരിസ്പൺ കൺസോർഷ്യം) ടെണ്ടർ സർക്കാർ അംഗീകരിച്ചില്ല. നാലാമത്തെ ടെണ്ടറിൽ അഞ്ച് കമ്പനികൾ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ വാങ്ങുകയും യോഗ്യതനേടുകയും ചെയ്തു. ഇതിൽ മൂന്ന് കമ്പനികൾ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങുകയും അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനിമാത്രം ബിഡ് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിഡ് അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെണ്ടർ നടപടികളിൽ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഏക മാനദണ്ഡം പ്രീമിയം തുക അല്ലെങ്കിൽ ഗ്രാന്റ് ചോദിക്കുക എന്നതാണ്. യോഗ്യത നേടിയവരിൽനിന്നും ഏറ്റവും കൂടുതൽ പ്രീമിയം നൽകുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പനിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്. 2005-ലും (Zoom Developers), 2010-ലും (വെൽസ്പൺ കൺസോർഷ്യം) നടന്ന ടെണ്ടറിൽ സർക്കാർ ഗ്രാന്റാണ് ആവശ്യപ്പെട്ടത്. എന്നാൽ 2007-ൽ നടന്ന ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ (ലാൻകോ) പ്രീമിയം നൽകാം എന്ന് പറഞ്ഞിരുന്നു. ആദ്യത്തെ ടെണ്ടറിൽ യോഗ്യതനേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്നുപേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് LOI നൽകിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ടുപേർ RFP സമർപ്പിച്ചു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ, 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റ് ഘടകങ്ങൾ ഒരു ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സർക്കാർ സ്വീകരിച്ചില്ല.

(ഡി) 2010-ൽ സർക്കാർ അംഗീകരിച്ച ലാന്റ് ലോർഡ് മോഡലിൽ തുറമുഖത്തിന്റെ ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്&റിക്ലമേഷൻ, ബെർത്ത്, റോഡ് (സിവിൽ ഇൻഫ്രാസ്ട്രക്ചർ) എന്നിവയുടെ നിർമ്മാണം Engineering Procurement Construction ടെണ്ടർമുഖേന സർക്കാരും സൂപ്പർ സ്ട്രക്ചർ, എക്വിപ്മെന്റ്, പോർട്ട് ഓപ്പറേഷൻ തുടങ്ങിയവ പി.പി.പി. മുഖാന്തിരം തെരഞ്ഞെടുക്കുന്ന കൺസഷനയറുമാണ് ചെയ്യേണ്ടത്. ഈ മാതൃക പ്രകാരം നിർമ്മാണം പൂർത്തിയാക്കിയശേഷം 30 കൊല്ലം പാട്ടത്തിന് നൽകാനായിരുന്നു വ്യവസ്ഥ. രണ്ടാമത്തെ ഘട്ടത്തിൽ കൺസഷനയർക്ക് First Right of Refusal നൽകേണ്ടതുമുണ്ട്. ഈ ലാന്റ് ലോർഡ് മാതൃകയനുസരിച്ച് സർക്കാരിന് വരുമാന വിഹിതമില്ല.

വിഴിഞ്ഞം പദ്ധതി

119 (123) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ ആദ്യമായി വിജ്ഞാപനം ചെയ്തത് എപ്പോഴായിരുന്നു ; എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമായിരുന്നു ;